**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 566** **24-08-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. പദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. ആയതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. |
| (ബി) | ഒ. പി. ചികിത്സ കൂടി മെഡിസെപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | മെഡിസെപ് പദ്ധതി നടപ്പാക്കുന്നതിനായി പ്രസിദ്ധീകരിച്ച Request For Proposal (RFP) യിൽ നിഷ്കർഷിക്കും പ്രകാരം നിലവിൽ ഇൻ പേഷ്യന്റ് ചികിത്സ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒ.പി. ചികിത്സ ഉൾപ്പെടുത്തുന്നത് നിലവിലെ പോളിസി കാലയളവിൽ അപ്രായോഗികമാണ് എന്നിരുന്നാലും അടുത്ത പോളിസി കാലയളവിൽ ഒ.പി. ചികിത്സ ഉൾപ്പെടുത്തുന്നതിനുള്ള പ്രായോഗികത പരിശോധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ